ശ്രീ. വി. ശ്രീധരൻ : സാധാരണയായി ഇവരും ഗവണ്മെൻറ ജീവനക്കാരെ പോലെ തന്നെ വയ്പ് ; ആ സ്ഥിതിക്ക് ഇവരെ സ്ഥിരം ചാവണക്കാരാക്കിക്കൂടെ ?

ശ്രീ. എ. ജെ. ജാൻ : അതിനുവേണ്ടിയുള്ള എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇലക്ട്രിക്കൽ വർക്ക് എസ്റ്റാബ്ലിഷ്മെൻറുകളെ ഇങ്ങനെയുള്ള സാങ്കേതിക തടസ്സം കൂടാതെ സ്ഥിരപ്പെടുത്തിയതനുസരിച്ച് ഇവരെയും സ്ഥിരപ്പെടുത്തിക്കൂടെ ?

ശ്രീ. എ. ജെ. ജാൻ : ഇവരെ സംബന്ധിച്ചിടത്തോളം സർവ്വീസ് കമ്മിഷൻറെ അനുവാദം ആവശ്യമാണ്.

സിനിമാതൊഴിലാളികൾ.

*113. [21] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സംസ്ഥാനത്തുള്ള സിനിമാശാലകളിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾക്കു തീരെ കുറഞ്ഞ ഒരു ശമ്പളനിരക്കെങ്കിലും നിലവിലുള്ളതെന്ന വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഈ സംസ്ഥാനത്തുള്ള സിനിമാശാലകളിൽ പ്രവർത്തിച്ചെടുക്കുന്ന തൊഴിലാളികൾക്കു കുറഞ്ഞ ശമ്പളനിരക്കെങ്കിലും നിലവിലുള്ളതെന്ന പരാതി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : അവർക്കു ശമ്പളം കൂട്ടാൻ വേണ്ടിയുള്ള വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടപടി സ്വീകരിച്ചിട്ടില്ല; എങ്കിലും അതേപ്പറ്റി ആലോചിക്കുവരുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ . സിനിമാശാലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ മിനിമം വേജസ് ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യവും ആലോചിക്കുവരുന്നതാണ്.

തീരുമാനം ചെയ്യാത്ത ഫയലുകൾ.

*114. [22] ശ്രീ. ടി. ഒ. ബാവ : താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സെക്രട്ടറിയേറ്റിൽ മൂന്നു കൊല്ലത്തിലധികം പഴക്കമുള്ള എത്ര ഫയലുകൾ തീരുമാനം ചെയ്യാത്തതായിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം സെക്ഷനുകളിലാണ് ?

LIBRARY ARCHIVES Kerala Legislative Assembly